File No.LBRD-H2/89/2017-LBRD

20212
16/11/19

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ്-കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്- ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിലേയ്ക്കായി, നിലവിലുള്ള ഔദ്യോഗിക വാഹനം കണ്ടം ചെയ്ത് ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പുതിയ ടൊയോട്ടാ ഇന്നോവ ക്രിസ്റ്റ കാർ GeM പോർട്ടൽ മുഖേന വാങ്ങുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

**സ.ഉ.(കൈ) നം.60/2019/തൊഴില്** തീയതി,തിരുവനന്തപുരം, 14/11/2019

പരാമർശം:- 1 കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 29/05/2017ലെ എ1-1036/12, 01/11/2018ലെ റ്റി1/9204/18 എന്നീ നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഔദ്യോഗിക വാഹനമായ KL-02-AC-1405-ടാറ്റ ഇൻഡിഗോ ഡൈകോർ എ/സി കാർ കണ്ടം ചെയ്ത്, പുതിയ വാഹനമായ ടൊയോട്ടാ ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് സർക്കാർ അനുമതി നല്കണമെന്ന് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാന്റെ നിലവിലുള്ള ഔദ്യോഗിക വാഹനമായ KL 02-AC-1405- ടാറ്റ ഇൻഡിഗോ ഡൈകോർ എ/സി കാർ condemnation norms ൽ ഇളവ് വരുത്തി കണ്ടം ചെയ്യുന്നതിനും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും 13,17,160/- രൂപ ( പതിമൂന്നുലക്ഷത്തി പതിനേഴായിരത്തി ഒരുനൂറ്റി അറുപത് രൂപ ) ചെലവഴിച്ച് ബോർഡ് ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിലേയ്ക്കായി GeM പോർട്ടൽ മുഖേന ടൊയോട്ടാ ഇന്നോവ ക്രിസ്റ്റ എന്ന പുതിയ വാഹനം വാങ്ങുന്നതിനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജിത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം,
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ((എ&ഇ/ആഡിറ്റ്)) കേരള, തിരുവനന്തപുരം.

പൊതുമരാമത്ത് വകുപ്പ് (20/07/2019ലെ പൊ.മ.വ.-സി2/204/19-പൊ.മ.വ. നമ്പർ കുറിപ്പ് പ്രകാരം)

ധനകാര്യവകുപ്പ് ( 20/08/2019ലെ LBR2/58/2019/ധന നമ്പർ കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി.)വകുപ്പ്(13/11/2019ലെ ഇനം നം.3505 പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 13-11-2019**

ഇനം നം: 3505

ഫയൽ നം. 89/എച്ച്2/2017/തൊഴിൽ.

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഔദ്യോഗിക വാഹനം കണ്ടം ചെയ്ത് ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ചെയർമാന് പുതിയ വാഹനം വാങ്ങുന്നതിന് അനുമതി.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

14/11

ഉടൻ തന്നെ തുടർ നടപടി സ്വീകരിക്കുക

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1) | ഫയൽ നമ്പർ | : | 89/എച്ച്2/2017/തൊഴിൽ. |
| 2) | വകുപ്പ് | : | തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് |
| 3) | വിഷയം | : | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഔദ്യോഗിക വാഹനം കണ്ടം ചെയ്ത് ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ചെയർമാന് പുതിയ വാഹനം വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്. |
| 4) | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് ലഭിച്ച തീയതി | : | 24/10/2019 |
| 5) | ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ; അങ്ങനെയാണെങ്കിൽ ധന വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഇല്ല.<br>ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ഡി.ലാൽ |
| 8) | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. സത്യജീത് രാജൻ |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01/11/19 |
| 10) | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ടോം ജോസ് |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 05/11/2019 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : | ശ്രീ.ടി.പി.രാമകൃഷ്ണൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 06/11/2019 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി. | : | 06/11/2019 |
| 15) | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി. | : | 13/11/2019 |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കത്തിന്റെ നമ്പരും തീയതിയും. | : | G.O(MS)No.60/2019/LBR<br>dtd. 14/11/19 |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഔദ്യോഗിക വാഹനം കണ്ടം ചെയ്ത്, ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നല്കണമെന്ന ആവശ്യം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഔദ്യോഗിക വാഹനമായ കെ-എൽ-02-എസി-1405-ടാറ്റ ഇൻഡിഗോ ഡൈകോർ എ/സി കാർ കണ്ടം ചെയ്ത്, ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിലേയ്ക്കായി TOYOTA INNOVA, CRISTA എന്ന പുതിയ വാഹനം വാങ്ങുന്നതിനുള്ള സർക്കാർ അനുമതിക്കായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിയ്ക്കുകയുണ്ടായി.

3) നിലവിലെ വാഹനം കണ്ടം ചെയ്യുന്നത് സംബന്ധിച്ച അഭിപ്രായത്തിനായി ഫയൽ പൊതുമരാമത്ത് വകുപ്പിലേക്ക് അയച്ചപ്പോൾ ടി വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

*" കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഔദ്യോഗിക വാഹനമായ കെ.എൽ.02 എസി 1405 ടാറ്റാ ഇൻഡിഗോ കാറിന് തിരുവനന്തപുരം മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അൺ എക്കണോമിക് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതിനാൽ ടി വകുപ്പിനു തന്നെ കണ്ടംനേഷൻ നോംസിൽ ഇളവ് വരുത്തി ഈ വാഹനം കണ്ടം ചെയ്യുന്നതിനുള്ള അധികാരം നൽകാവുന്നതാണെന്ന് തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പിനെ അറിയിക്കാവുന്നതാണ്."*

4) പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായസഹിതം ഫയൽ അയച്ചപ്പോൾ ധനകാര്യ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം ലഭ്യമാക്കി.

*"ബോർഡിന്റെ പഴയ വാഹനം കണ്ടം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പാലിച്ചു കൊണ്ട് നടപടികൾ സ്വീകരിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാന്റെ ആവശ്യത്തിനായി ഇന്നോവ ക്രിസ്റ്റ എന്ന വാഹനം ബോർഡിന്റെ തനത് ഫണ്ടിൽനിന്നും തുക ചെലവഴിച്ച് GeM portal മുഖേന വാങ്ങുന്നതിന് അനുമതി നൽകുന്നു. ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "*

5) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഔദ്യോഗിക വാഹനമായ കെ-എൽ-02-എസി-1405-ടാറ്റ ഇൻഡിഗോ ഡൈകോർ എ/സി കാറിന് തിരുവനന്തപുരം മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അൺഎക്കണോമിക് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതിനാൽ condemnation norms ൽ ഇളവ് വരുത്തി ടി വാഹനം കണ്ടം ചെയ്യുന്നതിനും ടി വ്യവസ്ഥകൾക്ക് വിധേയമായി ബോർഡ് ചെയർമാന്റെ ഔദ്യോഗികാവശ്യങ്ങൾക്കായി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് GeM portal മുഖേന പുതിയ വാഹനം (TOYOTA INNOVA, CRISTA) വാങ്ങുന്നതിനും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നല്കുന്ന വിഷയം മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പഴയ ഔദ്യോഗിക വാഹനമായ കെ-എൽ-02-എസി-1405-ടാറ്റ ഇൻഡിഗോ ഡൈകോർ എ/സി കാർ, condemnation norms ൽ ഇളവ് വരുത്തി കണ്ടം ചെയ്യുന്നതിനും, ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും 13,17,160/-രൂപ (പതിമൂന്ന് ലക്ഷത്തി പതിനേഴായിരത്തി ഒരുന്നൂറ്റി അറുപത് രൂപാ മാത്രം) ചെലവഴിച്ച് ബോർഡ് ചെയർമാന്റെ ഔദ്യോഗികാവശ്യങ്ങൾക്കായി GeM portal മുഖേന TOYOTA INNOVA, CRISTA എന്ന പുതിയ വാഹനം വാങ്ങുന്നതിനും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നല്കാവുന്നതാണോ ?

**GOVERNMENT OF KERALA**
**(SRI. PINARAYI VIJAYAN MINISTRY)**
**Note for the Council of Ministers**

| | | | |
|---|---|---|---|
| 1. | File No. | : | No. 89/H2/2017/Labour |
| 2. | Department | : | Labour & Skills (H) Department |
| 3. | Subject | | According sanction for the purchase of new vehicle for the official use of Chairman, Kerala Motor Transport Workers' Welfare Fund Board, utilizing their own fund of the Board after the condemnation of the existing official vehicle. |
| 4. | Date of Chief Minister's order for placing before the Council | : | 24/10/2019 |
| 5. | (i) Does the case involve financial commitments/implications | : | No financial commitments to Government, |
| | (ii) if so whether Finance Department has been consulted and their remarks incorporated in the Note for the Council | : | Yes |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | Yes |
| 7. | Name of Additional Secretary who submitted the Draft Note | : | Sri. D.Lal |
| 8. | Name of Additional Chief Secretary who approved the Draft Note | : | Sri. Satyajeet Rajan |
| 9. | Date of approval of the Draft Note for the Council by the Additional Chief Secretary | : | 01/11/19 |
| 10 | Name of Chief Secretary who approved the Draft Note | : | Sri. Tom Jose |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 05/11/19 |
| 12 | Name of Minister who approved the Draft Note | : | Sri. T.P.Ramakrishnan |
| 13 | Date of approval of the Draft Note for the Council by the Minister | : | 06/11/19 |
| 14 | Date of submission of fair copies | : | 06/11/2019 |
| 15 | Date of decision by the Council of Ministers | : | 13/11/2019 |
| 16 | Number and date of the G.O/letter communicating the decision | | G.O.(MS) No. 60/2019/LBR dtd. 14/11/2019 |

## NOTE FOR THE COUNCIL OF MINISTERS

This note pertains to the proposal for the purchase of a new vehicle for the official use of the Chairman, Kerala Motor Transport Workers' Welfare Fund Board utilizing the own fund of the Board after the condemnation of the existing official vehicle.

2) The Chief Executive Officer, Kerala Motor Transport Workers' Welfare Fund Board has requested Government sanction for the condemnation of old official vehicle KL-02-AC-1405-TATA INDIGO DICOR A/C car and for the purchase of new, 'TOYOTA INNOVA, CRISTA', car for the official use of the Chairman, Kerala Motor Transport Workers' Welfare Fund Board utilizing the own fund of the Board.

3) When the file was forwarded to Public Works Department for rendering remarks on the condemnation of the existing vehicle, that Department offered the following remarks ;

*" കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഔദ്യോഗിക വാഹനമായ കെ.എൽ.02 എസി 1405 ടാറ്റാ ഇൻഡിഗോ കാറിന് തിരുവനന്തപുരം മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അൺ എക്കണോമിക് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതിനാൽ ടി വകുപ്പിനു തന്നെ കണ്ടംനേഷൻ നോംസിൽ ഇളവ് വരുത്തി ഈ വാഹനം കണ്ടം ചെയ്യുന്നതിനുള്ള അധികാരം നൽകാവുന്നതാണെന്ന് തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പിനെ അറിയിക്കാവുന്നതാണ്."*

4) When the file was forwarded to Finance Department with the remarks offered by Public Works Department, that Department offered the following remarks.

*"ബോർഡിന്റെ പഴയ വാഹനം കണ്ടം ചെയ്യുന്നതിനുള്ള വ്യവസ്ഥ പാലിച്ച് കൊണ്ട് നടപടികൾ സ്വീകരിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാന്റെ ആവശ്യത്തിനായി ഇന്നോവ ക്രിസ്റ്റ എന്ന വാഹനം ബോർഡിന്റെ തനത് ഫണ്ടിൽനിന്നും തുക ചെലവഴിച്ച് GeM portal മുഖേന വാങ്ങുന്നതിന് അനുമതി നൽകുന്നു. ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "*

5) The Hon'ble Chief Minister has ordered to place the matter of according sanction to the Chief Executive Officer for the condemnation of existing official vehicle KL-02-AC-1405-TATA INDIGO DICOR A/C car by relaxing the condemnation norms and for the purchase of a new 'TOYOTA INNOVA, CRISTA' car at a cost of Rs.13,17,160/- (Rupees Thirteen Lakh Seventeen thousand One hundred and sixty only) through GeM Portal utilizing the own fund of the Board before the Council of Ministers.

## Point for decision

Whether sanction may be accorded to the Chief Executive Officer. Kerala Motor Transport Workers' Welfare Fund Board for the condemnation of existing official vehicle KL-02-AC-1405-TATA INDIGO DICOR A/C car by relaxing the condemnation norms and for the purchase of a new 'TOYOTA INNOVA. CRISTA' car at a cost of Rs.13,17,160/- (Rupees Thirteen Lakh Seventeen thousand One hundred and sixty only) through the GeM Portal for the official use of the Chairman, Kerala Motor Transport Workers' Welfare Fund Board, using their own fund ?